സർക്കുലർ

81/NSS/DHSE/2019 18/06/2019

**ഗാന്ധി സ്മൃതി - അക്ഷരദീപം**

ലോകത്തിനൊരു പാഠപുസ്തകമായി ജീവിതം നയിച്ച മഹാത്മാഗാന്ധിയുടെ 150-ാം ജന്മ വർഷമാണ് 2019. അദ്ദേഹം ജീവിതത്തിലൂടെ കാട്ടിത്തന്ന മൂല്യങ്ങളെ പുതുതലമുറയും ശരിയായ രീതിയിൽ മനസ്സിലാക്കേണ്ടതുണ്ട്. അതിനായി അക്ഷരദീപം വായനക്കൂട്ടം എൻഎസ്എസ് വോളണ്ടിയർമാരോടൊപ്പം മറ്റുകുട്ടികൾക്കും അവബോധം നൽകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം അക്ഷരദീപം വായനക്കൂട്ടം പദ്ധതിയുടെ ഭാഗമായി ജൂൺ 19 മുതൽ 25 വരെ എല്ലാ എൻഎസ്എസ് യൂണിറ്റുകളും സ്കൂളിലെ ലൈബ്രറിയുടെയോ മാതൃകാ ഹരിത ഗ്രാമത്തിലെ ലൈബ്രറിയുടെയോ സഹായത്തോടെ വായനാപക്ഷം ആചരിക്കേണ്ടതാണ്.

സെമിനാർ, പുസ്തക പ്രദർശനം, അനുസ്മരണ പ്രഭാഷണം, വായനോത്സവങ്ങൾ, വായനാ മത്സരങ്ങളും സംഘടിപ്പിക്കേണ്ടതാണ്. ക്ലാസ് റൂം ലൈബ്രറികളും, സ്കൂൾ ലൈബ്രറികളും ഓപ്പൺ ലൈബ്രറികളും മികവുറ്റ നിലയിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വായനാദിനമായ ജൂൺ 19 ന് ഗാന്ധിജിയുടെ ആത്മകഥയായ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ പരിചയപ്പെടുത്തിക്കൊണ്ട് ഗാന്ധിസ്മൃതി അക്ഷരദീപം പദ്ധതിക്ക് തുടക്കം കുറിക്കേണ്ടതാണ്. വായനാദിനാചരണത്തോടനുബന്ധിച്ച് ഗാന്ധിജിയെക്കുറിച്ചുള്ള പുസ്തകങ്ങൾ കിട്ടാവുന്നിടത്തോളം ശേഖരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിയ്ക്കേണ്ടതാണ്. തുടർ പ്രവർത്തനങ്ങളുടെ രൂപരേഖയ്ക്കായി തുടർന്നുള്ള സർക്കുലർ കാണുക.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ